(ബി) പണി തീരുമ്പോൾ ഇവിടെ ഏതെല്ലാം തരത്തിലുള്ള വിമാനങ്ങൾക്ക് ഇറങ്ങാൻ കഴിയും ;

(സി) ഇക്കാര്യത്തിൽ കേന്ദ്രം ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര സംഖ്യ ഉൾപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) 1987 ഡിസംബർ അവസാനത്തോടെ പണി പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ ബോയിംഗ് 737 വിമാനം ഇറങ്ങുന്നതിന് അനുയോജ്യമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ബി. 737-നെക്കാൾ ഭാരമേറിയ വിമാനങ്ങളെ സ്വീകരിക്കുവാൻ ഈ വിമാനത്താവളം ഉപയുക്തമാവില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ മരണ നിരക്ക്

20. [25] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരുവർഷം ശരാശരി എത്രപേർ മരണമടയുന്നുണ്ട് ;

(ബി) അതിൽ സ്ത്രീകൾ എത്ര ശതമാനം ;

(സി) കുട്ടികൾ എത്ര ശതമാനം ?

ഉത്തരം

(എ) 1,26,210 പേർ.

(ബി) 42%.

(സി) 7% (ഒരുവയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക്).

നിരോധ് വിതരണം

21. [26] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം 28-2-1986 വരെ സംസ്ഥാനത്ത് എത്ര നിരോധ് വിതരണം ചെയ്തു ;

(ബി) വിൽപന മുഖാന്തിരം എത്ര സംഖ്യ വരവുണ്ടായി ;

(സി) നിരോധ് ഏതെല്ലാം ഏജൻസികൾ മുഖാന്തിരമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത് ;

(ഡി) റേഷൻ കടകൾ ബാർബർഷാപ്പുകൾ എന്നിവ മുഖാന്തിരം നിരോധ് വിതരണം ചെയ്യുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആ ഏജൻസികൾ മുഖാന്തിരം എത്ര എണ്ണം വിതരണം ചെയ്തു ?

ഉത്തരം

(എ) 63,48,149.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യവകുപ്പ് നിരോധ് സൗജന്യമായി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. വില്പന നടത്തുന്നില്ല.

(സി) കുടുംബക്ഷേമ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, അവയുടെ ഉപകേന്ദ്രങ്ങൾ, പോസ്റ്റ് പാർട്ടം സെൻറുകൾ, സന്നദ്ധ സംഘടനകൾ, റേഷൻ കടകൾ, ബാർബർഷാപ്പുകൾ, ഹോമിയോ-ആയുർവേദ ഡിസ്പെൻസറികൾ എന്നിവവഴി വിതരണം ചെയ്യുന്നു.

(ഡി) ഉണ്ട്.

(ഇ) റേഷൻകടകൾ ബാർബർഷാപ്പുകൾ എന്നീ ഏജൻസികൾ വഴിയുള്ള വിതരണം അടുത്ത കാലത്താണ് ആരംഭിച്ചത്. പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

അംഗവൈകല്യം സംഭവിച്ചവർക്ക് തസ്തികമാറ്റം അനുവദിക്കുവാൻ വ്യവസ്ഥ

22. [27] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗവൺമെൻറ് സർവ്വീസിൽ ജോലി ലഭിച്ചശേഷം രോഗംമൂലമോ, അപകടം മൂലമോ അംഗവൈകല്യം സംഭവിക്കുകയും അതുമൂലം തങ്ങളുടെ ജോലി നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്തിട്ടുള്ളവർക്ക് തസ്തികമാറ്റം അനുവദിക്കുവാൻ വ്യവസ്ഥയുണ്ടോ ?

ഉത്തരം

ഇല്ല.

സ്റ്റേറ്റർ സൂപ്രണ്ട് തസ്തിക

23. [28] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 200 കിടക്കകളുള്ള ആശുപത്രികളിൽ ഗസറ്റഡ് സ്റ്റേറ്റർ സൂപ്രണ്ട് തസ്തിക അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടായിരുന്നു. (ജി. ഒ. എം.എസ്. 75/85/എഫ്.ഡി. തീയതി 28-3-1985) എങ്കിലും മെഡിക്കൽ കോളേജുകളടക്കം ചില സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ ഇങ്ങനെയുണ്ട് ;

(സി) ഇതിൻമേൽ എന്തുനടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 28-3-1985-ലെ ജി.ഒ.എം.എസ്. 75/85/എഫ്.ഡി. ഉത്തരവു പ്രകാരം 200-ഉം അതിൽ കൂടുതലും കിടക്കകളുള്ള ജില്ലാ/താലൂക്ക് ആശുപത്രികളിലേക്കായി 13 സ്റ്റേറ്റർ സൂപ്രണ്ടുമാരുടെ ഗസറ്റഡ് തസ്തികകൾ സൃഷ്ടിക്കുകയും ആ തസ്തികകൾ ജില്ലാ മെഡിക്കൽ സ്റ്റേറ്റാറുകളിൽ പ്രവർത്തിക്കാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിനുപകരം ജില്ലാ മെഡിക്കൽ സ്റ്റേറ്റാറിലുള്ള നോൺ ഗസറ്റഡ് സ്റ്റേറ്റർ സൂപ്രണ്ട് തസ്തികകൾ ജില്ലാ താലൂക്ക് ആശുപത്രികളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് മെഡിക്കൽ കോളേജ് ആശുപത്രികളുൾപ്പെടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly